LIBRARY ARCHIVES Kerala Legislative Assembly

വനമേഖലയിലുള്ള ടൂറിസ്റ്റ് കേന്ദ്രത്തിലെ ഏറുമാടങ്ങൾ

10 [2722] ശ്രീ. ഡി. സുഗതൻ :
,, കെ. മോഹൻകുമാർ:
,, പി. ടി. തോമസ്:
പ്രൊഫ. എ. ഡി. മുസ്തഫ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എവിടെയെല്ലാം ടൂറിസം വകുപ്പ് ഏറുമാടങ്ങൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഇവ കൂടുതൽ ആകർഷകവും സൗകര്യപ്രദവുമാക്കുവാനും ഇവിടെ സുഖകരമായ താമസസൗകര്യങ്ങൾ ഒരുക്കുന്നതിനും പരിപാടിയുണ്ടോ;

(സി) ഈ ഏറുമാടങ്ങളെക്കുറിച്ചും താമസസൗകര്യങ്ങളെക്കുറിച്ചും വിപുലമായ പ്രചാരണം നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പ് ഏറുമാടങ്ങൾ നിർമ്മിച്ചിട്ടില്ല.

(ബി ആന്റ് സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ഡി.ടി.പി.സി.-കളുടെ പുനഃസംഘടന

11 [2723] ശ്രീ. ഷിബു ബേബി ജോൺ :
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ടൂറിസം സാദ്ധ്യത ഉണ്ടാക്കുവാൻ പര്യാപ്തമായ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഇതേവരെയും പുനഃസംഘടിപ്പിച്ചിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരം കൗൺസിലുകൾ ഭീമമായ സാമ്പത്തിക ചെലവ് വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഓരോ ഡി.ടി.പി.സി.-യും കഴിഞ്ഞ 3 വർഷമായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണരൂപം ലഭ്യമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഡി.ടി.പി.സി.-യുടെ ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും 2001 ആഗസ്റ്റിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. മൂന്ന് വർഷം ആകുന്ന മുറയ്ക്ക് വീണ്ടും പുനഃസംഘടന നടത്താവുന്നതാണ്.

(സി) ഇല്ല.

(ഡി) വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.†

കിള്ളിയാർ സൗന്ദര്യവൽക്കരിക്കാൻ പദ്ധതി

12 [2724] ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് കിള്ളിയാർ സൗന്ദര്യവൽക്കരണ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ പ്രോജക്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇറിഗേഷൻ വകുപ്പ് പ്രോജക്ട് തയ്യാറാക്കി ടൂറിസം വകുപ്പിന് നൽകിയിട്ടുണ്ട്.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

കോഴിക്കോട് ടൂറിസ്റ്റ് പ്രൊമോഷൻ കൗൺസിൽ പ്രവർത്തനങ്ങൾ

13 [2725] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ടൂറിസ്റ്റ് പ്രൊമോഷൻ കൗൺസിൽ കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കൗൺസിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ;

(സി) ഈ കൗൺസിലിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു സംക്ഷിപ്ത വിവരം നൽകാമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly